# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 375

## 27.02.2018 ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക വിനിയോഗം**

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഏതെല്ലാം പ്രവൃത്തികൾക്ക് തുക വിനിയോഗിക്കാവുന്നതാണെന്ന് വ്യക്തമാക്കുമോ; | സ.ഉ.(അ) നം. 63/2017/ധന തീയതി 12.05.2017, സ.ഉ.(അ) നം. 75/2017/ധന. തീയതി 28.05.2017 എന്നിവ പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ.ഉ.(അ) നം.109/2017/ധന. തീയതി 18.08.2017 പ്രകാരം എയ്ഡഡ് സ്കൂളുകൾക്കുള്ള ചലഞ്ച് ഫണ്ട് പദ്ധതിയ്ക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം നടപ്പാക്കാവുന്ന പ്രവൃത്തികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുന്ന കരട് ഉത്തരവ് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഏതെല്ലാം ഗവൺമെന്റ് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ആസ്തി വികസന പദ്ധതിയിലെ മറ്റു പ്രവൃത്തികൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ തന്നെയാണ് എയ്ഡഡ് സ്കൂളുകളിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയ സർക്കാർ എഞ്ചിനീയറിംഗ് വിഭാഗങ്ങളെയോ സർക്കാർ അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളെയോ സമീപിക്കാവുന്നതാണ്. |
| (സി) | ഇത്തരം പ്രവൃത്തികൾക്ക് പരമാവധി എത്ര രൂപ വരെ അനുവദിക്കുമെന്നും വിശദീകരിക്കുമോ? | സ.ഉ.(അ) നം. 75/2017/ധന. തീയതി 28.05.2017 പ്രകാരം ഒരു എയ്ഡഡ് സ്കൂളിൽ പാചകപ്പുരയും ടോയ് ലെറ്റും നിർമ്മിക്കുന്നതിനായി ആസ്തി വികസന ഫണ്ടിൽ നിന്നും പരമാവധി 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്. ചലഞ്ച് ഫണ്ട് പദ്ധതിയിൽ വിനിയോഗിക്കാവുന്ന ആസ്തി വികസന ഫണ്ടിന്റെ വിഹിതം സംബന്ധിച്ച വിവരം ഇതിനായി പുറപ്പെടുവിക്കുന്ന വിശദമായ ഉത്തരവിൽ ഉൾപ്പെടുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**